**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 65 | 30.06.2015 ലെ മറുപടിക്ക്

**പട്ടികജാതി കുടുംബങ്ങൾക്കുള്ള ഗൃഹനിർമ്മാണ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് ഗൃഹനിർമ്മാണ പദ്ധതിയിൻ കീഴിൽ അനുവദിച്ച വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കുന്ന വീടുകളുടെ നിർമ്മാണ പുരോഗതി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും എല്ലാ മാസത്തിലും വിലയിരുത്തി വരുന്നു. ജില്ലാ തലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസർമാരുടെ പ്രതിമാസ മീറ്റിംഗിൽ പദ്ധതിയുടെ പുരോഗതി കൃത്യമായി അവലോകനം നടത്തി യഥാസമയം നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.<br>സംസ്ഥാന തലത്തിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, ജില്ലാ. പട്ടികജാതി വികസന ആഫീസർമാരുടെ പ്രതിമാസ മീറ്റിംഗിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി അവലോകനം നടത്തുന്നുണ്ട്. |
| (ബി) | അനുവദിച്ചതിൽ ഭൂരിഭാഗം വീടുകളുടെയും പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ; | (ബി) | ഭവന നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഉണ്ടായ വർദ്ധനവ്, തൊഴിൽ കൂലിയിൽ ഉള്ള വർദ്ധനവ്, സാധനങ്ങൾ പണിസ്ഥലത്ത് എത്തിക്കുവാനുള്ള കയറ്റി ഇറക്ക് കൂലി, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, നിർമ്മാണ |

| | | | |
|---|---|---|---|
| | | | സാമഗ്രികളുടെ (പാറ, മെറ്റൽ, മണൽ) ദൗർലഭ്യം എന്നിവ കാരണമാണ് വീട്ടുകളുടെ പണി പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. |
| (സി) | വീട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കാനായി പ്രത്യേക ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 2007-08 മുതൽ 2013-14 വരെയുള്ള കാലയളവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചവരിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് അവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ടി അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിൽ അനുവദിക്കുന്നതിന് 04.08.2014-ൽ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ